8092
13/8/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശുവികസന സേവന പദ്ധതി-അംഗൻവാടി വർക്കർമാർക്കുള്ള തീം & ആക്ടിവിറ്റി ചാർട്ടുകളെ സംബന്ധിച്ച കൈപ്പുസ്തകം അച്ചടിച്ച് വിതരണം ചെയ്യുന്നതിന് ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 508/2014/സാനീവ തീയതി, തിരുവനന്തപുരം , 8.08.2014.

---

പരാമർശം : (1) 11.7.2014 ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഐസിഡിഎസ്/ബി2-14547/12(2) നംപർ കത്ത്.
(2) 21.7.2014 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടി കുറിപ്പ്.

**ഉത്തരവ്**

സംസ്ഥാനത്തെ അംഗൻവാടികളിലെ പ്രീ-സ്കൂൾ വിദ്യാഭ്യാസം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി തീം & ആക്ടിവിറ്റി ചാർട്ടുകൾ പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരികയാണെന്നും പ്രസ്തുത തീം & ആക്ടിവിറ്റി ചാർട്ടുകളെ സംബന്ധിച്ച് അംഗൻവാടി വർക്കർമാർക്ക് സമഗ്രമായ ട്രെയിനിംഗ് നടത്തുന്നതിന് സഹായകമാകുന്ന രീതിയിൽ ഒരു കൈപ്പുസ്തകം അച്ചടിച്ച് വിതരണം ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണെന്നും സംസ്ഥാനത്തുടനീളമുള്ള അംഗൻവാടികളിലെ വർക്കർമാർക്കും സൂപ്പർവൈസർമാർക്കും കൈപ്പുസ്തകം വിതരണം ചെയ്യുന്നതിനായി 36000 കോപ്പികൾ അച്ചടിക്കേണ്ടതുണ്ടെന്നും ഇതിനായി ഇൻവോയ്സ് ലഭ്യമാക്കിയപ്പോൾ ഏറ്റവും കുറവു തുക രേഖപ്പെടുത്തിയത് കേരള ബുക്ക്സ് & പബ്ലിക്കേഷൻ സൊസൈറ്റിയാണെന്നും പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡറയക്ടർ അറിയിച്ചിട്ടുണ്ട്. ട്രാൻസ്പോർട്ടേഷൻ, ലോഡിംഗ് & അൺലോഡിംഗ് ചാർജ്ജ് ഉൾപ്പെടെ പ്രതീക്ഷിക്കുന്ന ചെലവ് 70 ലക്ഷം രൂപയാണെന്നും ആയത് 2235-02-102-98(പ്ലാൻ) 34-OC എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതിയും എറണാകുളം കാക്കനാട്ടുള്ള കേരള ബുക്ക്സ് & പബ്ലിക്കേഷൻസിന് പ്രിന്റിംഗ് ചുമതലയും നൽകണമെന്ന് സാമൂഹ്യനീതി ഡറയക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(2) 21.7.2014 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ടി ശുപാർശ അംഗീകരിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സംസ്ഥാനത്തെ അംഗൻവാടികളിലെ വർക്കർമാർക്കും സൂപ്പർവൈസർമാർക്കും വിതരണം ചെയ്യുന്നതിനായി അംഗൻവാടി തീം & ആക്ടിവിറ്റി ചാർട്ടിനെ സംബന്ധിച്ച കൈപ്പുസ്തകം അച്ചടിച്ച് വിതരണം ചെയ്യുന്നതിനും എറണാകുളം കാക്കനാട്ടുള്ള ബുക്ക്സ് & പബ്ലിക്കേഷൻ സൊസൈറ്റിയെ അച്ചടി ചുമതല എൽപ്പിക്കുന്നതിനും ഭരണാനുമതി നൽകിയും ഇതിനാവശ്യമുള്ള 70,00,000/- രൂപ ( എഴുപത് ലക്ഷം രൂപ മാത്രം) 2235-02-102-98(പ്ലാൻ) 34-OC എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ഡോ.കെ. എം. എബ്രഹാം**
**അഡീഷണൽ ചീഫ് സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആന്റ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ